Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്‍

21st December 2016

## കോട്ടപ്പാടം ഗ്രാമപഞ്ചായത്തിലെ നാല് മുന്‍അംഗങ്ങള്‍ക്ക് അയോഗ്യത

കൂറുമാറിയതിന് പാലക്കാട് കോട്ടപ്പാടം ഗ്രാമപഞ്ചായത്തിലെ നാല് മുന്‍ പഞ്ചായത്ത് അംഗങ്ങളെ സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷണര്‍ വി.ഭാസ്കരന്‍ അയോഗ്യരാക്കി. ഇന്ത്യന്‍ യൂണിയന്‍ മുസ്ലീം ലീഗിന്റെ പിന്തുണയോടെ സ്വതന്ത്രരായി മത്സരിച്ച് വിജയിച്ച മാലേരിയത്ത് നിഷ - വാര്‍ഡ് 20, തെക്കന്‍ അസ്മ ബീവി - വാര്‍ഡ് 12, കൂമന്‍ചീരി മുഹമ്മദ് ബഷീര്‍ - വാര്‍ഡ് 4, ഇന്ത്യന്‍ യൂണിയന്‍ മുസ്ലീം ലീഗിലെ (യു.ഡി.എഫ്) കുന്തിപ്പാടത്ത് സബീറ - വാര്‍ഡ് 16 എന്നിവരെയാണ് അയോഗ്യരാക്കിയത്. കൂറുമാറ്റ നിരോധന നിയമ പ്രകാരം 2016 ഡിസംബര്‍ 21 മുതല്‍ ആറു വര്‍ഷത്തേക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കു മല്‍സരിക്കുന്നതില്‍ നിന്നുമാണ് വിലക്ക്. 22 വാര്‍ഡുകളുള്ള കോട്ടപ്പാടം ഗ്രാമപഞ്ചായത്തില്‍ യൂ.ഡി.എഫിന് 14ഉം എല്‍.ഡി.എഫിന് 7ഉം, ഒരു സ്വതന്ത്രനുമാണ് അംഗങ്ങള്‍.

രണ്ടായിരത്തി പതിനാല് സെപ്തംബര്‍ 25ലെ പ്രമേയത്തെ പിന്തുണക്കണമെന്ന പാര്‍ട്ടി വിപ്പിന് വിപരീതമായി പ്രമേയത്തെ പരാജയപ്പെടുത്തുന്നതിന് നാലുപേരും മനപ്പൂര്‍വം വിട്ടുനിന്നു. ഇതിനെതിരേ ഇന്ത്യന്‍ യൂണിയന്‍ മുസ്ലീം ലീഗ് (യു.ഡി.എഫ്) അംഗം കാസിം കുന്നത്ത് സമര്‍പ്പിച്ച ഹര്‍ജി പരിഗണിച്ചാണ് കമ്മീഷന്റെ നടപടി. ഹര്‍ജിക്കാരനു വേണ്ടി അഡ്വക്കേറ്റുമാരായ ഹാഷിംബാബു.എം, കരോളിന്‍ ജോയ് ഫ്ളച്ചര്‍ എന്നിവര്‍ ഹാജരായി.

*(എസ്.ഇ.സി. 58/2016)*